KOLO SURYOYO

വി. മർത്തമറിയം യൂത്ത് അസ്സോസിയേഷൻ മണർകാട്

പുസ്തകം – 2 ലക്കം – 10 നവംബർ – 2009 Web: www.syrianchurch.org/Kolosuryoyo.htm

# പരി. പാത്രിയർക്കീസ് ബാവയെ അർമ്മേനിയൻ കാതോലിക്കോസ് സന്ദർശിച്ചു


*പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ കാതോലിക്കാ ബാവായോടൊപ്പം*

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ അർമ്മേനിയൻ ഓർത്തഡോക്സ് സഭയുടെ പരി. ആരാം പ്രഥമൻ കാതോലിക്കാ ബാവയും, മെത്രാപ്പോലീത്താമാരും സഭാ പ്രതിനിധികളും അടങ്ങുന്ന സംഘം സന്ദർശിച്ച് ചർച്ചകൾ നടത്തി. അർമ്മേനിയൻ സംഘത്തിനും തനിക്കും നൽകിയ സ്നേഹബഹുമാനാദരവുകൾക്ക് പരി. ആരാം പ്രഥമൻ കാതോലിക്കോസ് നന്ദി പ്രകാശിപ്പിച്ചു. അഖില ലോകസഭാ കൗൺസിലിന്റെ പ്രസിഡന്റ് ആയിരുന്നു, ലോകസഭകളെ നയിച്ച പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ സേവനങ്ങൾ ലോകത്തിനു പ്രകാശം പരത്തുന്നു. സുറിയാനി സഭയെ നയിക്കാൻ പരി. പാത്രിയാർക്കീസ് ബാവ നല്കുന്ന നേതൃത്വം സ്തുത്യർഹമാണെന്നും പരി. ആരാം പ്രഥമൻ ബാവാ പറഞ്ഞു. അർമേനിയൻ സഭ സുറിയാനി സഭയുടെ സഹോദരീ സഭയാണെന്നും, അർമ്മേനിയൻ സഭയ്ക്ക് വിജയാശംസകൾ നേരാൻ ഈ അവസരം ഉപയോഗിക്കുന്നു എന്നും പരി. പാത്രിയർക്കീസ് ബാവാ മറുപടിപ്രസംഗത്തിൽ പറഞ്ഞു. ഇരു സഭകളുടെയും ബന്ധത്തെപ്പറ്റി ചോദിച്ച ചോദ്യങ്ങൾക്ക് പരി. ബാവാ മറുപടി നൽകി. പരി. ആരാം പ്രഥമൻ ബാവായുടെ ബഹുമാനാർത്ഥം പരി. പാത്രിയർക്കീസ് ബാവാ ഒരുക്കിയവിരുന്നിൽ എല്ലാവരും സംബന്ധിച്ചു.


*കത്തീഡ്രലായി ഉയർത്തിയ അങ്കമാലി മർത്തമറിയം യാക്കോബായ സുറിയാനി പള്ളി*

# സംയുക്ത ക്രിസ്തുമസ് ആഘോഷം



മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന സംയുക്ത ക്രിസ്തുമസ് ആഘോഷം ഡിസംബർ 23-ാം തീയതി ബുധനാഴ്ച 5.30 ന് പള്ളി അങ്കണത്തിൽ വെച്ച് നടത്തപ്പെടുന്നു. കൊച്ചി ഭദ്രസാനാധിപനും പരി. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭി. ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമനസുകൊണ്ട് പൊതുസമ്മേളനത്തിന്റെ അദ്ധ്യക്ഷത വഹിക്കുന്നതും, കേരള ജലവിഭവവകുപ്പ് മന്ത്രി ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ, കോട്ടയം എം.എൽ.എ. ശ്രീ. വി.എൻ. വാസവൻ തുടങ്ങിയവർ പങ്കെടുക്കുന്നതുമാണ്. യൂത്ത് അസോസിയേഷൻ പുതുതായി നിർമ്മിച്ചു നൽകുന്ന ഭവനത്തിന്റെ ശില അഭി. തിരുമനസ്സുകൊണ്ട് ആശീർവദിച്ചും നൽകുന്നതാണ്. തുടർന്ന് റവ. ഫാ. ഷാജി കൊച്ചില്ലം നയിക്കുന്ന കുറിച്ചി എസ്. എം. സി. ഓർക്കസ്ട്രയുടെ ക്രിസ്തീയ ഗാനമേളയും, പുൽക്കൂട്, കിസ്തുമസ് ട്രീ, സാന്താക്ലോസ് മത്സരവും ഉണ്ടായിരിക്കുന്നതാണ്. പരിപാടികളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവരും സമ്മാനങ്ങൾ സ്പോൺസർ ചെയ്യുവാൻ ആഗ്രഹിക്കുന്നവരും ആ വിവരം ഭാരവാഹികളെ മുൻ കൂട്ടി അറിയിക്കേണ്ടതാണ്. ഫോൺ: 9496801251 (സെക്രട്ടറി)

CHURIDAR MATERIALS JEANS & TOPS
PATTIYALA, DUPPATAS SKIRTS,
INNER WEARS, BAGS, WATCHES
ORNAMENTS, PERFUMES

Peacock

REGENT PLAZA, C. M. S COLLEGE ROAD,
KOTTAYAM. Ph: 0481-2565232

# പ. ചാത്തുരുത്തിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി (പരുമല തിരുമേനി) സമർപ്പിച്ച ഉടമ്പടി

ബാവായും പുത്രനും ജീവനും ശുദ്ധവുമുള്ള റൂഹായുമായ സത്യമുള്ള ഏക ദൈവത്തിന്റെ തിരുനാമത്താൽ ബലഹീനനും പാപിയുമായുള്ള കൊച്ചി കണയന്നൂര് കോവിലകത്തും വാതുക്കൽ കണയന്നൂര് പ്രവൃത്തിയിൽ മുളന്തുരുത്തി മുറിയിൽ മുളന്തുരുത്തി പള്ളിയിൽ വൈദികവൃത്തി ചാത്തുരുത്തിൽ ഗീവർഗീസ് ദയറായോ ആയ ഞാൻ പാർക്കുന്ന പറവൂരു കിഴക്കേ പള്ളിയിൽവച്ച് വിശ്വാത്തോടെ എന്റെ മേൽ തന്നെ ഞാൻ പൂർണ്ണമനസ്സോടും സന്തോഷത്തോടും തൃപ്തിയോടും കൂടി എഴുതി വയ്ക്കുന്ന ഉടമ്പടിയാവിത്.

1. സർവ്വശക്തനായിരിക്കുന്ന ജീവനുള്ള ദൈവത്തിന്റെ മുമ്പാകെയും ദൈവത്തിന്റെ രഹസ്യങ്ങളുടെ ശുദ്ധതയുടെ ശുദ്ധതയായ ഈ മദ്ബഹായുടെ മുമ്പാകെയും കിഴക്ക് ഇന്ത്യയുടെയും മലയാളത്തിന്റെയും നാലുഭാഗങ്ങളിലുമുള്ള സുറിയാനിക്കാരുടെ പൂർവ്വികതലവനായ അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ വാഴുന്ന മൂന്നാമത്തെ പത്രോസ് എന്ന ഭാഗ്യമുള്ള ഞങ്ങളുടെ പിതാവും ദൈവത്തിന്റെ മേൽപട്ടക്കാരനുമായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസുബാവായുടെ ശുദ്ധതയുടെ മുമ്പാകെയും ഞാൻ വാഗ്ദത്തം ചെയ്യുന്നു.

2. ദൈവമായ കർത്താവ് തിരുമനസ്സിലേക്ക് ദീർഘായുസ്സ് നൽകി തിരുമനസ്സിലെ ശ്രേഷ്ഠതയെ കാത്തുകൊള്ളുമാറാകട്ടെ.

3. ചൊവ്വാക്കപ്പെട്ട ഈ പട്ടക്കാരുടെ മുമ്പാകെയും സകലജാതികളുടെ മുമ്പാകെയം പുകഴ്ത്തപ്പെട്ട (ബ്രിട്ടീഷ് തിരുവിതാംകൂർ കൊച്ചി ഈ സർക്കാരിന്റെ മുമ്പാകെയും താഴെ കാണിക്കുന്ന പ്രകാരം ഞാൻ വാഗ്ദത്തം ചെയ്യുന്നു.)

4. ഞങ്ങളുടെ വിശ്വാസത്തിന്റെ രഹസ്യം ബലഹീനനായ ഞാൻ അറിയിക്കുന്നു. വീണ്ടും സകല നിബിയന്മാരെയും വെടിപ്പുള്ള ശ്ലീഹന്മാരുടെ വിശ്വാസത്തിന്മേലും ശുദ്ധമുള്ള മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിന്മേലും ഇളക്കം കൂടാതെ വാർത്ത് സ്തുതി ചൊവ്വാക്കപ്പെട്ട വിശ്വാസം നമ്മോട് പ്രസംഗിച്ചു പഠിപ്പിച്ചു എന്നു ആ ശുദ്ധമുള്ള ബാവാമാരെയും ഞാൻ കൈക്കൊണ്ട് ബഹുമാനിക്കുന്നു എന്ന് ദൈവത്തിന്റെ മുമ്പാകെ ഞാൻ വിശ്വസിച്ച് ഏറ്റുപറയുന്നു.

5. മുന്നമേ നമ്മുടെ കർത്താവ് യേശുമിശിഹായുടെ ശിഷ്യന്മാരായ ശുദ്ധമുള്ള 12 ശ്ലീഹന്മാരെയും മത്തായി, മർക്കോസ്, ലൂക്കോസ്, യോഹന്നാൻ എന്നു നാലു ഏവൻഗേലിസ്തന്മാരെയും ശുദ്ധമാന പള്ളിയുടെ അടിസ്ഥാനക്കാരനും വലിയ തച്ചുപണിക്കാരനുമായ ഭാഗ്യക്കാരന്മാർ പൗലൂസ് ശ്ലീഹായെയും ഞാൻ കൈക്കൊള്ളുന്നു.

6. തീയ്ക്കടുത്തവനായ മോർ ഇഗ്നാത്തിയോസിനെയും ദീവന്നാസ്യോസിനെയും അത്താനാസ്യോസിനെയും യൂലിയോസിനെയും കൂറിലോസിനെയും ബസ്സേലിയോസിനെയും ഗ്രീഗോറിയോസിനെയും ദീയസ്കോറോസിനെയും സേവേറിയോസിനെയും തിരുമോത്തിയോസിനെയും പീലക്സിനോസിനെയും അന്തിമോസിനെയും തിരഞ്ഞെടുക്കപ്പെട്ടവരിൽ ഉന്നതപ്പെട്ടവനായ മാർ ബർസൗമ്മയെയും ദൈവത്തിന്റെ ശുദ്ധമുള്ള സുറിയാനിപ്പള്ളിയിൽ അവരെപ്പോലെ ഉണ്ടായവരും ഇനി ഉണ്ടാകുന്നവരുമായ സകലമല്പാന്മാരേയും ഞാൻ കൈക്കൊള്ളുന്നു. ശ്ലീഹായ്ക്കടുത്ത വിശ്വാസത്തിനും അന്ത്യോഖ്യായുടെയും ഇന്ത്യ മലയാളം മുതലായ കിഴക്കൊക്കെയുടെയും സുറിയാനിക്കാരുടെ എത്രയും വളരെ പൂർവ്വികമായിട്ടുള്ള പാത്രിയർക്കീസായി അന്ത്യോഖ്യായുടെ ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിന്മേൽ സ്ഥിരതയോടിരിക്കുന്ന പൊങ്ങപ്പെട്ട മൂന്നാമത്തെ പാത്രോസ് എന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ മേൽപ്പട്ടത്തിനു കടപ്പെട്ടിരിക്കുന്നതുപോലെ എല്ലായ്പ്പോഴും അനുസരണയായിരിപ്പാൻ എനിക്കു ന്യായമാകുന്നു. സദായ്പ്പോഴും ഞാൻ അനുസരിച്ചു അവിടുത്തെ കൽപ്പനകളെ കൈക്കൊണ്ട് ഞാൻ ചേർന്നുകൊള്ളുന്നു. അവിടുത്തെ വചനങ്ങളിൽ നിന്നും കാനോൻ വിധികളിൽനിന്നും സ്ഥിരപ്പെട്ടിട്ടുള്ള ശട്ടങ്ങളിൽനിന്നും നടപ്പുകളിൽനിന്നും അൽപമോ അധികമോ ഇടത്തോട്ടോ വലത്തോട്ടോ ഞാൻ ഒരക്കലും വിട്ടുമാറുന്നതല്ല. എന്റെ ഈ വാഗ്ദത്തം നമ്മുടെ പിതാവായ അബ്രഹാമിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും വാഗ്ദത്തിനും ശരിയായിരിക്കുന്നു എന്ന് ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു.

7. വൃഥാ നിങ്ങൾ എടുത്ത് വൃഥാ നിങ്ങൾ കൊടുപ്പിൻ എന്നപോലെ പട്ടത്വത്തിനു കാനോനപ്രകാരം യോഗ്യമായവർക്കു മാത്രം പട്ടം കൊടുക്കുന്നതല്ലാതെ യാതൊരു പ്രതിഫലങ്ങളും വാങ്ങി ആർക്കെങ്കിലും പട്ടം കൊടുക്കുകയോ 30 വയസ് തികയുന്നതിനു മുമ്പ് കുർബ്ബാന പട്ടം കൊടുക്കുകയോ പള്ളി ഭരിക്കുന്നതിനു വിവാഹം ചെയ്തവരെയല്ലാതെ ചെയ്യാത്തവരായി പട്ടക്കാരെ അയക്കുകയോ, വിധവയെ കല്യാണം കഴിച്ച ശെമ്മാശന്മാർക്കു പട്ടം കൊടുക്കയൊ കുർബ്ബാനപ്പട്ടം ഏറ്റശേഷം വിധവയെ കല്യാണം കഴിച്ചിട്ടുള്ളതോ കഴിക്കുന്നതോ ആയ ആളുകളെയും കുർബ്ബാനപ്പട്ടം ഏറ്റിട്ടുള്ളതോ, ഇനി ഏൽക്കുന്നതോ ആയ ആളുകൾ പിന്നീടു വിവാഹം ചെയ്താൽ അവരെയും പട്ടക്കാരായി കൈക്കൊള്ളുകയോ കൈക്കൊള്ളുന്നതിന് അനുവദിക്കുകയോ സമ്മതിക്കുകയോ ഉൽസാഹിക്കുകയോ ഉത്സാഹിപ്പിക്കുകയോ നേരായിട്ടും ന്യായമായിട്ടും, തട്ടിപ്പും വഞ്ചനയും കൂടാതെയും ഉള്ള യോഗക്കുറിയോടു കൂടി വരുന്നവർക്കുമാത്രം വേണ്ടുന്ന അന്വേഷണവും പരീക്ഷയും കഴിച്ചല്ലാതെ പട്ടം കൊടുക്കുകയൊ അന്ത്യോഖ്യായുടെ ശുദ്ധമാകപ്പെട്ട ബാവാമാരാൽ ശപിക്കപ്പെട്ടവരെയോ തള്ളപ്പെട്ടവരെയോ ഏതുവിധമെങ്കിലും കൈക്കൊള്ളുകയോ കൈക്കൊള്ളുന്നതിന് അനുവദിക്കുകയോ സമ്മതിക്കുകയോ അവരോടുകൂടെ വല്ലവിധമോ സംബന്ധിക്കപ്പെടുകയോ സംസർഗ്ഗം ചെയ്യുകയോ ആരോടും പക്ഷപത്രിപക്ഷം ചെയ്യുകയോ എന്നെ അതതുസമയം അധികാരപ്പെടുത്തുന്നതായ അതൃത്തിക്കകത്തുള്ള ആളുകൾക്കല്ലാതെ പട്ടം മുതലായത് കൊടുക്കുകയോ മറ്റു അതൃത്തികളിൽനിന്ന് ഏതുപ്രകാരം വരുന്നവനായിരുന്നാലും അവരെ എന്റെ അതൃത്തിക്കകത്തുള്ള പള്ളികളിൽ വേണ്ടുന്ന അന്വേഷണവും മറ്റും കഴിച്ച് ന്യായവും ക്രമവും പാങ്ങും ഉണ്ടെങ്കില്ലല്ലാതെ ചേർക്കയോ അങ്ങനെ ചേർക്കാത്തവരുടെ ആത്മീയ സംബന്ധമായും മതസംബന്ധമായുമുള്ള യാതൊരു ആവശ്യങ്ങളും ദിഷ്ടതികളും നടത്തുകയോ നടത്തിക്കയോ നടത്താൻ അനുവദിക്കയോ മറ്റോ ചെയ്യുകയോ അന്യവിശ്വാസക്കാരിൽനിന്ന് ഏതെങ്കിലും ഞെരുക്കങ്ങളോ കഷ്ടങ്ങളോ സങ്കടങ്ങളോ ഉണ്ടായാലും അതുകൾ ഒക്കെയും നമ്മുടെ വിശ്വാസത്തനുവേണ്ടി സഹിക്കുന്നതല്ലാതെയോ അന്ത്യോഖ്യായുടെ ശുദ്ധമുള്ള മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായിൽ നിന്ന് ഏത് സ്ഥലത്തേക്കെങ്കിലും പോകുന്നതിനോ ചെല്ലുന്നതിനോ യാതൊരു സമയമെങ്കിലും കൽപ്പന വന്നാൽ ദീനം കൊണ്ടോ വാർദ്ധ്യക്യം കൊണ്ടോ മറ്റു യാതൊന്നു കൊണ്ടോ എത്ര ക്ഷീണിതനായാലും അതുകൾ ഒന്നും പ്രമാണിക്കാതെ ഉടനെ കൽപ്പനായകുന്ന സ്ഥലങ്ങളിലേക്ക് കൽപ്പന പ്രകാരം പോകാതെയോ ചെല്ലാതെയോ ഇരിക്കയോ ഞാൻ ഏറ്റിട്ടുള്ളതൊ ഇനി ഏൽക്കുന്നതോ ആയ പട്ടത്വത്തിന് അധികാരമില്ലാത്തതും പാടില്ലാത്തതും വിരോധിക്കപ്പെട്ടിട്ടുള്ളതുമായ ഒരു മെത്രാൻ മറ്റൊരു മെത്രാനെ വാഴിക്ക മുതലായ യാതൊരു പ്രവൃത്തികളും ചെയ്യകയോ ഈ ഉടമ്പടിയിൽ പ്രത്യേകം എടുത്തു പറഞ്ഞിട്ടുള്ള നിശ്ചയങ്ങൾ നിയമങ്ങൾ കാനോനാവിധികൾ ഇതുകൾക്കും മറ്റും വിരോധമായി ഞാൻ നടക്കുകയോ നടത്തിക്കയോ പ്രവർത്തിക്കയോ മറ്റോ ഒരിക്കലും ഒരുനാളും ഞാൻ ചെയ്യുന്നതല്ല. അഥവാ ചെയ്താൽ ആ പ്രവൃത്തി ചെയ്യുന്നവരും അതുകൾ കൈക്കൊള്ളുകയും ഏൽക്കുകയും ചെയ്യുന്നവരും ഒരുപോലെ ശപിക്കപ്പെട്ടവരും പ്രാകപ്പെട്ടവരും മഹറോൻ ഏൽക്കപ്പെട്ടവരും ആകുന്നതുപോലെ ഞാനും ആ നാഴിക മുതൽക്ക് ആയിത്തീരുമെന്ന് ഞാൻ എത്രയും പൂർണ്ണമായി വിശ്വസിക്കുന്നു. കോറഹും ദാതാനും ആബിരോമും അവരോടുകൂടി 250 പട്ടക്കാരും മൂശയ്ക്ക് വിരോധമായി. ധൂപം വീശിയതു നിമിത്തം ദൈവകോപം അവരുടെ മേൽ ഉണ്ടായി. ഭൂമി അതിന്റെ വായ് പിളർന്ന് അവരെ വിഴുങ്ങുകയും ദൈവതിരുമുമ്പിൽ നിന്ന് പുറപ്പെട്ടു എന്ന അഗ്നിയിൽ അവരെയും അവരുടെ പട്ടക്കാരെയും ദഹിപ്പക്കപ്പെടുകയും ചെയ്തു എന്നുള്ളതും ഞാൻ വിശ്വസിച്ചിരിക്കുന്നു. അപ്രകാരം ചെയ്യുന്നതിന് ദൈവം എന്നെ വിരോധിക്കമൊറാകട്ടെ.

8. ബലഹീനനായ ഞാൻ ഏതു ദിവസത്തിൽ ഈ ഉടമ്പടിയിൽ എടുത്തു പറഞ്ഞിട്ടുള്ള നശ്ചയങ്ങൾ നിയമങ്ങൾ കാനോനാവധികൾക്ക് എങ്കിലും ഈ ഉടമ്പടിയിൽ വളരെ ദീർഘമായി പോവുമെന്നതിനാൽ എടുത്തുപറഞ്ഞിട്ടില്ലാത്തതും പറവാനുള്ളതുമായ യാക്കോബായ സുറിയാനിക്കാരുടെ മറ്റ് അനേകം കാനോനാ വിധികൾ നിശ്ചയങ്ങൾ നിയമങ്ങൾ കാനോനവിധികൾ പോലെ സ്ഥിരപ്പെട്ടിട്ടുള്ള നിയമങ്ങൾ നിശ്ചയങ്ങൾ നടപ്പുകൾ, ചട്ടങ്ങൾ ഇതുകൾക്കെങ്കിലും തിരുമനസ്സിലെയോ ഈ സ്ഥാനത്ത് ഇനി അതതു സമയങ്ങളിൽ വരുന്ന പത്രിയർക്കീസുബാവാന്മാരുടെയോ വല്ല കൽപനകൾക്കെങ്കിലും പ്രത്യക്ഷമായോ പരോക്ഷമായോ പ്രകാരത്തിൽ വിരോധമായും വ്യത്യാസമായും പ്രതികൂലമായും നടക്കുകയോ നടത്തിക്കുകയോ പ്രവർത്തിക്കുകയോ പ്രവർത്തിപ്പിക്കുകയോ പറകയോ പറയിപ്പിക്കുകയോ ഇപ്രകാരം നടത്തുന്നതിനും പ്രവർത്തിക്കുന്നതിനും പറയുന്നതിനും സഹായിക്കുകയോ സഹായിപ്പിക്കുകയോ സമ്മതിക്കയോ സമ്മതിപ്പിക്കയോ ഉത്സാഹിപ്പിക്കുകയോ ചെയ്യുകയും ഇതുകളെ കവർന്നും കൽപ്പനകളെ വിട്ടും അതുകൾക്ക് വിരോധമായിനിന്നും പ്രതിമക്കാരനായിനിന്നും യാക്കോബായ സുറിയാനിക്കാരുടെ വിശ്വാസത്തിനും വിപരീതമായി മറ്റ് വഴികൾക്ക് ചേരുകയോ നമ്മുടെ സുറിയാനി പള്ളിയുടെ കീഴ്മര്യാദയ്ക്ക് വിപരീതമായി വല്ലതും പ്രവർത്തിക്കുകയോ കൈക്കൊള്ളുകയോ ശുദ്ധമുള്ള മൂന്ന് സുന്നഹദോസുകളുടെ വിശ്വാസത്തിനു വിപരീതമായുള്ള വിശ്വാസത്തെ വിശ്വസിക്കുകയോ ചെയ്യുന്നതല്ല. അഥവാ ചെയ്താൽ സാത്താനും കായേനും ദൈവത്താൽ ശപിക്കപ്പെട്ട പ്രകാരം ദൈവത്തിന്റെ വായിൽ നിന്നും ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് ശ്ലീഹായുടെയും നമ്മുടെ കർത്താവീശോമിശിഹായുടെ ശ്ലീഹന്മാരായി അവന്റെ സഹോദരന്മാർ 11 പേരുടെ വായിൽനിന്നും തീക്കടുത്തവനായ മാർ ഇഗ്നാത്യോസിന്റെയും ശുദ്ധമുള്ള മൂന്ന് സുന്നഹദോസുകളിൽ കൂടപ്പെട്ട വിശുദ്ധ പിതാക്കന്മാരുടെയും ശുദ്ധമുള്ള റൂഹായാൽ ശ്വാസമിടപ്പെട്ട സകല മല്പാന്മാരുടെ വായിൽ നിന്നും ശുദ്ധമുള്ള മോർ പത്രോസ് ശ്ലീഹായുടെ അധികാരിയും നമ്മുടെ കർത്താ

(ശേഷം പേജ് 7-ൽ)

# മദ്യം ആരെയും വലയ്ക്കും ലഹരി

**ജിൻസു എബ്രഹാം കിഴക്കേടത്ത്, തിരുവഞ്ചൂർ**

യുവത്വത്തിന്റെ സ്പന്ദനം താളം തെറ്റുന്ന ഈ കാലഘട്ടത്തിൽ മാതാപിതാക്കളെ, നിങ്ങളുടെ കുഞ്ഞുങ്ങൾ എവിടെ? നാം ആത്മപരിശോധന ചെയ്യേണ്ട സമയമായിരിക്കുന്നു. ലോകാരോഗ്യസംഘടനയുടെ കണക്കനുസരിച്ച് നമ്മുടെ ആരോഗ്യനിലവാരം വികസിത രാജ്യങ്ങൾക്കൊപ്പമെത്തിയിരിക്കുകയാണ്. ആരോഗ്യരംഗത്തെന്നതുപോലെ സാക്ഷരതയിലും സാംസ്കാരികരംഗത്തും കേരളം കൈവരിച്ചിരിക്കുന്ന നേട്ടങ്ങൾ നാണയത്തിന്റെ ഒരു വശം മാത്രമാണ്. 1986 മുതൽ രാജ്യത്ത് ഏറ്റവും കൂടുതൽ ആത്മഹത്യാനിരക്ക് പുലർത്തുന്നത് കേരളമാണ്. ഓരോ 15 മിനിറ്റിലും ആത്മഹത്യാശ്രമങ്ങൾ നടക്കുന്നു. രാജ്യത്തെ ജനസംഖ്യയുടെ 3.67 ശതമാനം മാത്രം വസിക്കുന്ന കേരളത്തിലാണ് ആത്മഹത്യയുടെ പത്ത ശതമാനം. ഇന്ത്യയുടെ ആത്മഹത്യാനിരക്കിന്റെ മൂന്നിരട്ടിയാണ്. കഴിഞ്ഞ 25 വർഷമായി കേരളത്തിന്റേത്. കുടുംബ ആത്മഹത്യകളുടെ 32 ശതമാനം കേരളത്തിലാണ്. ഏറ്റവും കൂടുതൽ മദ്യപാനം, മാനസികരോഗം, തകരുന്ന കുടുബങ്ങൾ, ഭ്രൂണഹത്യ, സ്തീപീഡനങ്ങൾ, ദാമ്പത്യതകർച്ച, റോഡപകടങ്ങൾ തുടങ്ങിയവയോടൊപ്പം ഹൃദ്രോഗം, കാൻസർ, രക്തസമ്മർദ്ദം തുടങ്ങിയ രോഗങ്ങളിലും കേരളം മുൻപന്തിയിൽ നിൽക്കുന്നു. ജീവനൊടുക്കുന്നവരിൽ 4% പേരും മദ്യപാനികളാണെന്ന് അടുത്തിയിടയിൽ കേരള അഡീഷണൽ ഡി..ജി.പി. സിബി മാത്യുവിന്റെ പഠനം വെളിപ്പെടുത്തുന്നു.

കേരളത്തിൽ 15 മുതൽ 22 വയസുവരെ പ്രായമുള്ള പെൺകുട്ടികളിൽ ആത്മഹത്യ കൂടുതലായി നടക്കുന്നു. 2005 -2006 വർഷം ഫാമിലി ഹെൽത്ത് കെയർ ഇന്ത്യ കോളജ് വിദ്യാർത്ഥികളുടെ ഇടയിൽ നടത്തിയ പഠനസർവ്വേയുടെ റിപ്പോർട്ടനുസരിച്ച് 30% കുട്ടികളുടെ ആരോഗ്യം തൃപ്തികരമല്ല. ഇതിൽ 10% കുട്ടികൾ മാനസികമായി വിഷമതകൾ അനുഭവിക്കുന്നുണ്ടെന്ന് തെളിഞ്ഞു. ഏകാന്തത, പെരുമാറ്റ വൈകല്യങ്ങൾ, ഉറക്കപ്രശ്നങ്ങൾ എന്നിവയായിരുന്നു പ്രധാനപ്പെട്ടവ. 90% കുട്ടികളുടെ വീടുകളിലും പലവിധ രോഗങ്ങൾ ഉണ്ടായിരുന്നു. പ്രമേഹം (17%), രക്തസമ്മർദ്ദം (15%), ഹൃദ്രോഗം (6%), മദ്യപാനം, ദാരിദ്ര്യം തുടങ്ങിയവയായിരുന്നു മറ്റു പ്രശ്നങ്ങൾ.

2004 ൽ ഫാമിലി ഹെൽത്ത് കെയർ ഇന്ത്യ കുട്ടികളിൽ നടത്തിയ പാൻമസാല സർവ്വേയിൽ താഴ്ന്ന നിലവാരത്തിലുള്ള സ്ഥാപനങ്ങളിലെ കുട്ടികളിൽ ഓരോ ക്ലാസിലും 5% മുതൽ 20% വരെ പാൻമസാലകൾ ഉപയോഗിച്ചിട്ടുണ്ടെന്ന് കണ്ടെത്തി. പുകയില, പാൻമസാല, ഗ്ലാസ്, പൗഡർ, മയക്കുമരുന്ന് തുടങ്ങിയവ ചേർന്ന് നല്ല പായ്ക്കറ്റിൽ വെറും രണ്ട് രൂപയ്ക്ക് ലഭിക്കുന്നത് നാക്കിനടിയിൽ വയ്ക്കുമ്പോൾ ലഭിക്കുന്ന ഉത്തേജനം അവരെ ക്രമേണ മയക്കുമരുന്നിനടിമയാക്കും. അതോടൊപ്പം വായിൽ ഉണ്ടാകുന്ന വ്രണങ്ങൾ ക്യാൻസർ രോഗത്തിന് കാരണമായിത്തീരുന്നു. പാൻമസാല വിപണനം തുടരുന്നതിന് സഹായകരമായ സുപ്രീംകോടതി വിധി 2005 ൽ പുറത്തുവന്നതോടെ നിയമത്തിന്റെ പഴുതും അടഞ്ഞു. ഇന്ത്യാ ഗവൺമെന്റിന്റെ കുടുംബാസൂത്രണപദ്ധതി നാം ഫലപ്രദമായി നടപ്പാക്കിയെങ്കിലും അതിന്റെ തിക്തഫലങ്ങൾ അണുകുടുംബങ്ങളിൽ അനുബന്ധങ്ങളും കുടുംബ പ്രശ്നങ്ങൾക്കും മാനസികസംഘർഷങ്ങൾക്കും കാരണമായി ഒരു ഷോക്ക് അബ്സോബർ ആയിരുന്നു. അത് ശാരീരികവും മാനസീകവും ആത്മീകവുമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനോടൊപ്പം സ്നേഹവും സന്തോഷവും പങ്കുവയ്ക്കുവാൻ സഹായിക്കുന്നതുമായിരുന്നു. ഇതിന്റെ മറുവശമെന്നോണം നാം ഒന്ന് നമുക്കൊന്ന് എന്ന മുദ്രാവാക്യവുമായി എത്തിയ അണുകുടുംബങ്ങൾ നമ്മുടെ കുഞ്ഞുങ്ങളെ എങ്ങോട്ട് നയിക്കുന്നു?

**ആത്മീകതയിലടിയുറച്ച് ഐശ്വര്യമായി ജീവിക്കുക.**

അമേരിക്കൻ മലയാള സമൂഹത്തിൽ യുവതീയുവാക്കളുടെ ഇടയിൽ വിവാഹമോചനം സാധാരണ സംഭവമായി മാറികഴിഞ്ഞിരിക്കുന്നു. കേരളത്തിലെ യുവജനങ്ങളിലും അതിന്റെ മാറ്റങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഏതാനും വർഷങ്ങൾകൊണ്ട് വിവാഹമോചനകേസുകളിലും മറ്റും നൂറുമടങ്ങ് വർധനയുണ്ടായിട്ടുണ്ട്. തിരുവനന്തപുരത്തുള്ള കുടുംബകോടതിയിൽ 4000 ൽ പരം കേസുകളാണ് ഇതിനോടകം രജിസ്റ്റർ ചെയ്തിരിക്കുന്നത്. മൂന്നിലൊന്ന് വിവാഹമോചനക്കേസുകൾ വിവാഹമോചനത്തിൽ പര്യവസാനിക്കുന്നു.

യാന്ത്രികമായ തിരക്കേറിയ ജീവിതത്തിൽ സമൂഹത്തിന്റെ മുൻപിൽ മാന്യതയുടെ മൂടുപടം ധരിച്ചുകൊണ്ട് മാനസികമായി വിവാഹബന്ധം വേർപെടുത്തി വിഷാദത്തിലും മാനസികസംഘർഷത്തിന്റെയും മദ്യപാനത്തിലുമായി തകർന്ന് ദാമ്പത്യം മുമ്പോട്ട് തള്ളിനീക്കുമ്പോൾ ബലിയാടുകളാകുന്നത് നമ്മുടെ കുഞ്ഞുങ്ങളാണ്. ഈ കുഞ്ഞുങ്ങൾ കലാലയത്തിലും സമൂഹത്തിലും പ്രശ്നമായി മാറുന്നു. മാധ്യമങ്ങളുടെ സ്വാധീനം, ഇന്റർനെറ്റ്, ആധുനിക ജീവിതശൈലി, മൊബൈൽ ഫോണിൽ കൂടി പകരപ്പെടുന്നു. യുവഹൃദയങ്ങളുടെ ജീവിതത്തുടിപ്പ് അകറ്റാൻ ഇവർ ചെന്നെത്തുന്നത് മയക്കുമരുന്നിലും മദ്യപാനത്തിലും മാത്രമല്ല, അധാർമ്മിക ജീവിതത്തിലും കുറ്റകൃത്യങ്ങളിലുമാണ്. യുവതലമുറ മാതാപിതാക്കളിൽ നിന്ന് ആവശ്യത്തിന് പണം വാങ്ങിക്കുന്നുണ്ടെങ്കിലും അധ്വാനിച്ച് സ്വന്തം കാലിൽ നിൽക്കുവാൻ വെമ്പൽകൊള്ളുന്നു. ജീവിതത്തിൽ ഏത് മേഖല തെരഞ്ഞെടുക്കണമെന്ന് മാതാപിതാക്കളുടെ ഉപദേശം ആവശ്യമില്ല. മിക്കപ്പോഴും കുട്ടികളെടുക്കുന്ന തീരുമാനമാണ് വീട്ടിൽ നടപ്പാക്കുന്നത്.

രാഷ്ട്രീയപാർട്ടികൾക്കു വേണ്ടി തെരുവിലിറങ്ങുവാൻ തയ്യാറാകുന്ന കുട്ടികളിൽ ഒരു വിഭാഗം പണത്തിനും ലഹരിക്കും വേണ്ടി മാഫിയ ഗ്രൂപ്പുകളുടെ ഭാഗമായിരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പാഠ്യപുസ്തകത്തിനുമപ്പുറമായി കുട്ടികളെ സ്നേഹിക്കുന്നതിനും അവരുടെ പ്രശ്നങ്ങളിൽ ഉപദേശം കൊടുക്കുവാനും താല്പര്യമുള്ള അധ്യാപകസമൂഹവും കുറഞ്ഞുകൊണ്ടിരിക്കുന്നു. കുട്ടികളുടെ കാര്യത്തിൽ ഏറെ ശ്രദ്ധിക്കുന്ന അധ്യാപകരുമുണ്ട്. ജീവിതത്തിന്റെ ദർശനവും ആത്മികതയും ഉൾക്കൊണ്ട് മുള്ളുകളുടെ ഇടയിൽ റോസപുഷ്പങ്ങളെപ്പോലെ ശോഭിച്ച് ഉയർന്നുവരുന്ന ഒരു വിഭാഗം യുവജനങ്ങൾ ഇന്ന് നമ്മുടെ പ്രതീക്ഷയാണ്. മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കു വേണ്ടി സമ്പാദിക്കുന്ന ഡോളർ രൂപയായി മാറുമ്പോഴും അമിതമായ ബാങ്ക് നിക്ഷേപം കുന്നുകൂടുമ്പോഴും അതെല്ലാം താൽക്കാലിക സന്തോഷം മാത്രമേ നൽകുകയുള്ളൂ. നിങ്ങളുടെ കുഞ്ഞുങ്ങളുടെ നന്മയെ മറക്കരുത്. യുവതലമുറയിലെ തകരുന്ന കുട്ടികളെയും കണ്ടെത്തുവാനും അവരുടെ ജീവിതം സമ്പൂർണ്ണ ആരോഗ്യത്തിലേക്ക് നയിക്കുവാനും വിദ്യാഭ്യാസസ്ഥാപനങ്ങൾ, ആത്മീകസ്ഥാപനങ്ങൾ തുടങ്ങിയവയോടൊപ്പം നമ്മുടെ മാതാപിതാക്കൾക്കും

*(ശേഷം പേജ് 7-ൽ)*

# യുവജനവാരാഘോഷം

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ യുവജനവാരം വെരി. റവ. ഇ. ടി കുറിയാക്കോസ് കോർ എപ്പിസ്കോപ്പ ഇട്ടിയേടത്ത് ചെയ്തു. നവംബർ മാസം ഒന്നാം തീയതി ഞായറാഴ്ച വി. കുർബ്ബാനയ്ക്ക് ശേഷം പാത്രിയർക്കാ പതാക ഉയർത്തി ഉദ്ഘാടനം ചെയ്തു. വൈകുന്നേരം 7 മണിക്ക് നടന്ന പ്രാർത്ഥനയ്ക്കും, തുടർന്ന് നടന്ന ക്ലാസ്സിനും ഫാ. കുറിയാക്കോസ് കാലായിൽ നേതൃത്വം നൽകി. യുവജനവാരാഘോഷത്തിന്റെ ഭാഗമായി അമ്മവീട്, മണർകാട് സെന്റ് മേരീസ് ഹോസ്പിറ്റൽ എന്നിവ യൂത്ത് അസോസിയേഷന്റെ പ്രവർത്തകർ സന്ദർശിച്ചു.

# ആശ്രയ സന്ദർശിച്ചു

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രവർത്തകർ പരി. സഭയുടെ കീഴിൽ കോട്ടയം മെഡിക്കൽ കോളേജിനു സമീപം പ്രവർത്തിക്കുന്ന ആശ്രയ കൗൺസലിംഗ് ആന്റ് ഗൈഡൻസ് സെന്റർ ഒക്ടോബർ 2-ാം തീയതി സന്ദർശിച്ചു. ദിവസേന ഏകദേശം 200-ഓളം രോഗികൾക്ക് ഉച്ചഭക്ഷണം നൽകുന്ന വലിയ പ്രസ്ഥാനമായ ആശ്രയയുടെ പ്രവർത്തനത്തിന് ഒരു കൈത്താങ്ങു നൽകുവാൻ ഇതു വഴി യൂത്ത് അസോസിയേഷന് സാധിച്ചു. യൂത്ത് അസോസിയേഷന്റെ സംഭാവന ആശ്രയുടെ കോ-ഓർഡിനേറ്റർ റവ. ഫാ. സനോജ് കുര്യൻ കരോട്ടെക്കുറ്റിന് പ്രവർത്തകർ കൈമാറി.

# അമ്മവീട് സന്ദർശിച്ചു

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷൻ പ്രവർത്തകര് യുവജനവാരാഘോഷത്തിന്റെ ഭാഗമായി ഗ്രാമറ്റത്ത് പ്രവർത്തിച്ചുവരുന്ന "അമ്മവീട്" സന്ദർശിച്ചു. നവംബർ മാസം 8-ാം തീയതി ഞായാഴ്ച ഏകദേശം മുപ്പതോളം അംഗങ്ങൾ രോഗികളെ സന്ദർശിച്ച് പ്രാർത്ഥന നടത്തി. യൂത്ത് അസോസിയേഷന്റെ സംഭാവന റവ. ഡീക്കൻ ജീസസിനു പ്രവർത്തകർ കൈമാറി.

# ഡിസംബർ മാസത്തിൽ ഓർമിക്കാൻ

| | |
|---|---|
| 1 | യൽദോ നോമ്പ് ആരംഭം, നഹും പ്രവാചകൻ, അന്ത്യോഖായുടെ മോർ ഇസഹാക്ക്. |
| 2 | ഹബക്കൂക്ക് പ്രവാചകൻ, മോർ ശബോർ, മോർ അഫ്രോത്ത് പിതാക്കന്മാരുടെ ഓർമ്മ (അകപ്പറമ്പ്) |
| 3 | സെഫന്യാ പ്രവാചകൻ |
| 4 | രക്തസാക്ഷിണികളായ മർത്ത് ബർബാറായുടേയും മൊർത്ത് യൂലിയാനയുടെയും ഓർമ്മ. |
| 6 | മൂറായിലെ എപ്പിസോപ്പയായ മോർ സൊഖെ. |
| 10 | വാനപ്രസ്ഥനായ മാബൂഗിലെ മോർ പീലക്സിനോസ് (450-523), മോർ ബഹനാം സഹദായും സഹോദരി സാറായും അവരുടെ 40 കൂട്ടുസഹോദരന്മാരുടെയും ഓർമ്മ. |
| 13 | അന്ത്യോഖായുടെ അബ്ദുള്ള രണ്ടാമൻ. |
| 14 | മാർ കൂറിലോസ് (പാണംപടി). |
| 15 | യൽദോ നോമ്പ് നിർബന്ധിത ദിനങ്ങൾ, അബ്രഹാം, ഇസഹാക്ക് യാക്കോബ് പിതാക്കന്മാർ. |
| 18 | ഹാനനിയ മക്കൾ തീജ്വാലയിൽ വയ്ക്കപ്പെട്ടു. മോർ തോമ്മാശ്ലീഹാ ശൂലമേറ്റു. |
| 20 | അന്ത്യോഖ്യായുടെ പരിശുദ്ധ ഇഗ്നാത്തിയോസ് നൂറോനോ (എ. ഡി. 35-107) |
| 21 | മോർ തോമ്മാശ്ലീഹായുടെ രക്തസാക്ഷിമരണം (എ. ഡി.72). |
| 22 | കുസ്തന്തീനോസ് പോലീസിലെ എപ്പിസ്കോപ്പന്മാരായ പ്രോക്കസ്, നെസ്തേറിയോസ്, അലക്സന്ത്രിയോസ്. |
| 25 | നമ്മുടെ കർത്താവിന്റെ ജനനം, യൽദോ നോമ്പുവീടൽ, കോറെശ്കാരൻ അന്തോനിയോസ്. |
| 26 | ദൈവമാതാവിന്റെ പുകഴ്ചപെരുന്നാൾ, 26-31 അഖില മലങ്കര സുവിശേഷ മഹായോഗം, പുത്തൻകുരിശ്. |
| 27 | ശിശുവധപെരുന്നാൾ. |
| 28 | തൂത്തൂട്ടി മോർ ഗ്രീഗോറിയോസ് ധ്യാനകേന്ദ്രം-പ്രതിമാസ ധ്യാനം 28-2010 ജനുവരി 1 |
| 31 | യാക്കോബ് ബുർദോനോയുടെ സഹായിയാ സർഗീസ്-ന്റെ ഓർമ്മ. |

# ദുഃഖറോനോ



ചാത്തുരുത്തിൽ
മോർ ഗ്രീഗോറിയോസ് തിരുമേനി
നവംബർ 2



പൗലൂസ് മോർ അത്തനാസിയോസ്
(കടവിൽ തിരുമേനി)
നവംബർ 2


പാവനസ്മരണയ്ക്ക്
11–ാം ചരമവാർഷികം (3.11.2009)



വി. എ. വർഗീസ് (കുഞ്ഞൂഞ്ഞച്ചൻ)
വാണിയപ്പുരയ്ക്കൽ,
മണർകാട്
മരിക്കാത്ത ഓർമ്മകളുമായി
ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

പാവനസ്മരണയ്ക്ക്
1–ാം ചരമവാർഷികം (23.10.2009)



ബിനോയി ജോസഫ്
തെക്കേത്തലയ്ക്കൽ, മാലം
(യൂത്ത് അസ്സോസിയേഷൻ മുൻ മെമ്പർ)


# നീലിമംഗലം പള്ളി കൂദാശക്ക് ഒരുങ്ങുന്നു



കോട്ടയം: ഭദ്രാസനത്തിലെ പ്രധാനപ്പെട്ട ദൈവാലയമായ നീലിമംഗലം സെന്റ് മേരീസ് പള്ളിയുടെ കൂദാശ 2010 ജനുവരി 10, 11 തീയതികളിൽ നടത്തപ്പെടും. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന കൂദാശയിൽ കോട്ടയം ഭദ്രാസനത്തിന്റെ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത പ. എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ജോസഫ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത എന്നിവർ സഹകാർമ്മികരാകും. പൊതുസമ്മേളനം കേന്ദ്രമന്ത്രി കെ. വി. തോമസ് ഉദ്ഘാടനം ചെയ്യും. 1915–ൽ വിശുദ്ധ ദൈവമാതാവന്റെ നാമത്തിൽ സ്ഥാപിതമായ ഈ ദൈവാലയം മഞ്ഞിനിക്കര ദയറായിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവായുടെ കബറിടത്തിലേക്ക് വടക്കൻ മേഖലയിൽനിന്ന് യാത്ര തിരിക്കുന്ന തീർത്ഥാടകരെ കഴിഞ്ഞ 50–ൽ പരം വർഷങ്ങളായി ഈ പള്ളി സ്വീകരിച്ച് ആതിഥ്യം നൽകിവരുന്നു. എണ്ണായിരം ച. അടി വിസ്തീർണ്ണമുള്ളതുമായ ദൈവാലയത്തിന് ഏകദേശം 110 ലക്ഷം രൂപ നിർമ്മാണ ചെലവ് വരും. ദൈവാലയ പുനർനിർമ്മാണത്തിന് വികാരി ഫാ. ആൻഡ്രൂസ് ചിരവത്തറ, സഹവികാരി ഫാ. കുര്യാക്കോസ് പ്ലാമ്പറമ്പിൽ, ജനറൽ കൺവീനർ ഏബ്രഹാം ചാക്കോ രാമനാട്ടുതറയിൽ, ട്രസ്റ്റി കെ. എ രാജു കൊല്ലൻകിഴക്കേതിൽ, സെക്രട്ടറി ഷിജു സി. സി. ചെരുവുകാലായിൽ, നിർമ്മാണ കമ്മറ്റി കൺവീനർ പി. എം. മാത്യു പഴൂർ പുത്തൻപുര, ഫിനാൻസ് കമ്മറ്റി കൺവീനർ കെ. കെ. ഐപ്പ്, കരിപ്പാൽ, പബ്ലിസിറ്റി കൺവീനർ എം. വി. കുര്യാക്കോസ് മങ്ങാട്ടുകാലാ എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമമറ്റികൾ പ്രവർത്തിച്ചുവരുന്നു.

# വടവാതൂർ മോർ അപ്രേം പള്ളി പെരുന്നാൾ നവംബർ 20 മുതൽ 23 വരെ നടത്തി



*പുതുക്കിപണിയുന്ന പള്ളിയുടെ രൂപരേഖ*

വടവാതൂർ: മോർ അപ്രേം പള്ളിയുടെ പെരുന്നാളും കൺവൻഷനും നവംബർ 20 മുതൽ 23 വരെ നടത്തി. 20–ന് ഫാ. ജേക്കബ് ചെറിയാൻ മണ്ണൂരിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബ്ബാനയും, വൈകിട്ട് ഫാ. ഷിബു ചെന്നിക്കര സുവിശേഷ പ്രസംഗവും നടത്തി. 21–ന് ഫാ. തോമസ് പതിയാക്കൽ വി. കുർബ്ബാന അർപ്പിച്ചു. വൈകിട്ട് ഫാ. ജോർജ്ജ് മാന്തോട്ടത്തിന്റെ സുവിശേഷപ്രസംഗം ഉണ്ടായിരുന്നു. 22–ന് ഫാ. ഷൈജു ജോസ് ചെന്നിക്കര വി. കുർബ്ബാനയർപ്പിച്ചു, വൈകിട്ട് സന്ധ്യാപ്രാർത്ഥനയും സൺഡേസ്കൂൾ കുട്ടികളുടെ മാർഗ്ഗം കളി തുടർന്ന് വടവാതൂർ കവലയിലുള്ള കുരിശുപള്ളിയിലേക്കുള്ള റാസ എന്നിവയും നടത്തി. 23–ാം തീയതി രാവിലെ വി. കുർബ്ബാനക്ക് ക്നാനായ ഇടവകയുടെ അഭിവന്ദ്യ കുറയാക്കോസ് മോർ ഈവാനിയോസ് പ്രധാന കാർമ്മികത്വം വഹിച്ചു. നൂറുകണക്കിന് വിശ്വാസികൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിച്ചു.

# മണർകാട് വൈ. എം. സി. എ. എക്യുമെനിക്കൽ അസംബ്ലി 2009




*വൈ. എം. സി. എ. സെൻട്രൽ സോണിന്റെ ആഭിമുഖ്യത്തിൽ മണർകാട് വൈ. എം. സി. എ. യിൽ വച്ചു നടത്തപ്പെട്ട എക്യുമെനിക്കൽ അസംബ്ലി പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ ഭദ്രാസന ആർച്ച് ബിഷപ്പ് അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ്, വൈ. എം. സി. എ. നാഷണൽ പ്രസിഡന്റ് കെ. ജോൺ ചെറിയാൻ, മാർത്തോമാ മെത്രാപ്പോലീത്താ റവ. ഡോ. ജോസഫ് മോർത്തോമ്മ, എൻ. എസ്. ജനറൽ സെക്രട്ടറി ശ്രീ. പി. കെ. നാരായണ പണിക്കർ തുടങ്ങിയവർ സമീപം.*

# ജന്മദിനാശംസകൾ



അഭി. ജോസഫ് മോർ ഗ്രീഗോറിയോസ്
നവംബർ 10



അഭി. പത്രോസ് മോർ ഒസ്താത്തിയോസ്
നവംബർ 12



അഭി. ഗീവർഗീസ് മോർ കൂറിലോസ്
നവംബർ 14



അഭി. സലീബാ ശ്മൂൻ മോർ ഫീലക്സിനോസ്
നവംബർ 1



അഭി. ഹസൈൽ ശൗമി മോർ സേവേറിയോസ്
നവംബർ 15

# എം. ജി. ജെ. എസ്. എം. മണർകാട് സെന്റ് മേരീസ് കോളേജിൽ ആരംഭിച്ചു



*സെന്റ് മേരീസ് കോളേജിൽ പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ മോർ ഗ്രീഗോറിയോസ് ജേക്കബൈറ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ് അഭിവന്ദ്യ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു*

മണർകാട്: സെന്റ് മേരീസ് കോളേജിൽ പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ വിദ്യാർത്ഥി പ്രസ്ഥാനമായ മോർ ഗ്രീഗോറിയോസ് ജേക്കബൈറ്റ് സ്റ്റുഡന്റ്സ് മൂവ്മെന്റ് (എം.ജി.ജെ.എസ്.എം.) ആരംഭിച്ചു. പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ എം. എസ്. ഒ. റ്റി. സെമിനാരിയുടെ റെസിഡന്റ് മെത്രാപ്പോലീത്തയായ ഡോ. കുര്യാക്കോസ് മോർ തെയോഫിലോസ് ഉദ്ഘാടനം ചെയ്തു.

പഠനകാലത്ത് നമ്മുടെ കുട്ടികൾക്ക് ആത്മീയ ദർശനവും, ദൈവിക വിശ്വാസവും, ക്രിസ്തീയ മൂല്യങ്ങളും പകർന്ന് കൊടുത്ത്ജീവിതത്തെ അഭിമുഖീകരിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് പരി. സഭ നേതൃത്വം കൊടുക്കുന്ന ഈ പ്രസ്ഥാനം ഉപകരിക്കുന്നു എന്ന് ഉദ്ഘാടന വേളയിൽ അഭിവന്ദ്യ തിരുമേനി കൽപ്പിച്ചു സംസാരിച്ചു. മണർകാട് കത്തീഡ്രൽ സഹവികാരിയും കോളേജ് മാനേജരുമായ റവ. ഫാ. ആൻഡ്രൂസ് ചിരവത്തറ അദ്ധ്യക്ഷപദം അലങ്കരിച്ചു. കോളേജ് പ്രിൻസിപ്പൽ അന്നാജോൺ, ഷെറി മാത്യൂസ് കാലുകടവിൽ, എം. ജി. ജെ. എസ്. എം. ഓർഗനൈസർ ജെറിൻ കാവുങ്കൽ എന്നിവർ ആശംസകളർപ്പിച്ചു.

# തൂത്തുട്ടി പള്ളിയിൽ ഓർമ്മപ്പെരുന്നാൾ സമാപിച്ചു



*തൂത്തൂട്ടി മോർ ഗ്രിഗോറിയോസ് ചാപ്പലിനോട് അനുബന്ധിച്ച് പുതിയതായി നിർമ്മിച്ച ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ പിൽഗ്രിം സെന്ററിന്റെ കൂദാശ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത നിർവ്വഹിക്കുന്നു.*

തിരുവഞ്ചൂർ: തൂത്തുട്ടി മോർ ഗ്രീഗോറിയോസ് യാക്കോബായ സുറിയാനി ചാപ്പലിൽ ആണ്ടുതോറും നടത്തി വരാറുള്ള പ. ചാത്തുരുത്തി മോർ ഗ്രീഗോറിയോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാൾ നവംബർ 7, 8 തീയതികളിൽ നടത്തപ്പെട്ടു.

7-ന് രാവിലെ 7.30-ന് ഫാ. കുറിയാക്കോസ് മണലേച്ചിറയുടെ മുഖ്യകാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും, വൈകിട്ട് 5-ന് പുതിയതായി പണികഴിപ്പിച്ച ഡോ. ഗീവർഗീസ് മോർ ഗ്രീഗോറിയോസ് മെമ്മോറിയൽ പിൽഗ്രിം സെന്ററിന്റെ കൂദാശ, കോട്ടയം ഭദ്രാസനാധിപൻ അഭി. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത, അനേകം വൈദീകരുടെയും വിശ്വാസികളുടെയും സാന്നിദ്ധ്യത്തിൽ നിർവ്വഹിച്ചു. സന്ധ്യാപ്രാർത്ഥനയ്ക്ക് ശേഷം ചപ്പാത്ത് കുരിശും തൊട്ടിയിലേയ്ക്കുള്ള ഭക്തി നിർഭരമായ റാസയും ഉണ്ടായിരുന്നു.

പെരുന്നാൾ ദിവസം 8-ന് രാവിലെ സിംഹാസന പള്ളികളുടെ അധിപൻ ഗീവർഗീസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ പ്രധാന കാർമ്മികത്വത്തിൽ വി. മൂന്നിന്മേൽ കുർബ്ബാനയും തുടർന്ന് പറമ്പുകര കുരിശും തൊട്ടിയിലേക്കുള്ള റാസയും, ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടുകൂടി പെരുന്നാൾ സമാപിച്ചു.

# മലങ്കരയുടെ പ. പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ഓർമ്മപ്പെരുന്നാൾ പാണംപടിയിൽ ഡിസംബർ 15-ന്

പാണംപടി വി. മർത്തമറിയം പള്ളിയിൽ കബറടങ്ങിയിരിക്കുന്ന മലങ്കരയുടെ പ. പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായുടെ 92-ാം ശ്രാദ്ധപ്പെരുന്നാൾ ഡിസംബർ 14, 15 തീയതികളിൽ നടത്തപ്പെടുന്നു. 2008 ഒക്ടോബർ 24-ന് പ. പാത്രിയർക്കീസ് ബാവാ മലങ്കരയിലെ ശ്ലൈഹിക സന്ദർശനത്തിയപ്പോൾ പാണംപടി പള്ളിയിൽവെച്ച് മോർ കൂറിലോസ് തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിച്ചതിനുശേഷം നടക്കുന്ന രണ്ടാമത്തെ പെരുന്നാളാണിത്. 14-ന് തിങ്കളാഴ്ച നടക്കുന്ന സന്ധ്യാപ്രാർത്ഥനയ്ക്കും ശുശ്രൂഷകൾക്കും കോട്ടയം ഭദ്രാസനാധിപൻ തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് നേതൃത്വം നൽകും. 15-ന് രാവിലെ നടക്കുന്ന വി. മൂന്നിന്മേൽ കുർബ്ബാനയ്ക്ക് മലേക്കുരിശ് ദയറാധിപൻ കുറിയാക്കോസ് മോർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത പ്രധാന കാർമ്മികത്വം വഹിക്കും. ഭക്തജനങ്ങൾക്ക് നേർച്ചസദ്യയും ക്രമീകരിച്ചിട്ടുണ്ട്. പെരുന്നാൾ ചടങ്ങുകൾക്ക് വികാരി ഫാ. കുര്യാക്കോസ് മണലേച്ചിറ, സഹവികാരി ഫാ. എബി ജോൺ കുറിച്ചിമല എന്നിവർ നേതൃത്വം നൽകും.

# മോർ യാക്കൂബ് ബുർദ്ദാന

കർത്താവിന്റെ ശ്രേഷ്ഠമായ മുന്തിരിത്തോട്ടത്തെ സ്തുതി ചൊവ്വാക്കപ്പെട്ട ഉറവയിൽനിന്നും സമൃദ്ധിയായി കോരി ആഹ്ലാദപൂർവ്വം കുടിപ്പിച്ചവനും തന്റെ ഏക പുത്രന്റെ രക്തത്താൽ താൻ സമ്പാദിച്ച സഭയെ സമൃദ്ധമായ ഉത്സാഹത്തോടെ നിലനിർത്തി ഉറപ്പിച്ച നീതിമാനും, പരിശുദ്ധനും, ഞങ്ങളുടെ ബാവായുമായ യാക്കോബ് ബുർദ്ദാന തല്ലാദ് മൗസൽത്ത് എന്ന നഗരത്തിൽ സുറിയാനി സഭയിലെ ഒരു വൈദീകന്റെ പുത്രായി ജനിച്ചു.

അനേക വർഷത്തെ പ്രാർത്ഥനയുടെയും നേർച്ച കാഴ്ചകളുടെയും ഫലമായി ഉണ്ടായതാണ് യാക്കൂബ്. തങ്ങൾക്കൊരു പുത്രൻ ജനിച്ചാൽ അവനെ കർത്തൃശുശ്രൂഷക്കായി ഫ്സിൽത്തോ ദയറാക്കു സമർപ്പിക്കുന്നതാണെന്നു മാതാപിതാക്കൾ നേർച്ചയും നേർന്നിരുന്നു. സുറിയാനി യൗനായ ഭാഷകളിൽ അതീവ നൈപുണ്യം ചെറുപ്പത്തിലെ ഈ ബാലൻ നേടിയിരുന്നു. യൗവനകാലത്തു ദയറാജീവിതത്തിലേക്കു പ്രവേശിച്ച സഭാശുശ്രൂഷകനായി തീരേണ്ട രീതിയിലാണു പിതാവദ്ദേഹത്തെ അഭ്യസിപ്പിച്ചത്. ശാന്തപ്രകൃതിയായിരുന്ന ബാലൻ പിതാവിന്റെ ഉപദേശങ്ങൾ താത്പര്യപൂർവ്വം വീക്ഷിക്കുകയും ദയറായിലേക്കു സന്തോഷത്തോടെ പോകുവാൻ ഉത്സാഹിക്കുകയും ചെയ്തു. ദയറായിൽ പ്രവേശിപ്പിക്കേണ്ട സമയമായപ്പോൾ മാതാപിതാക്കൾ ഫ്സിൽത്തോ ദയറായിൽ കൊണ്ടുപോകുകയും ദയറാധിപനെ ഏൽപ്പിക്കുകയും ചെയ്ത. യാക്കൂബിന്റെ വിശ്വാസ തീക്ഷ്ണതയും പരമാർത്ഥയും താല്പര്യവും കണ്ട് റീശ് ദയറോഓസ്താത്തിയോസ് യാക്കൂബിനെ ദയറാവസ്ത്രം ധരിപ്പിച്ചു. ദയറായിൽ പ്രാർത്ഥനയിലും ഉപവാസത്തിലും ഗ്രന്ഥപാരായണ താത്പര്യത്തിലുമായി അദ്ദേഹം കഴിച്ചുകൂട്ടി.

ഇടയ്ക്കു ഭവനത്തിലേക്കു ക്ഷണിക്കുവാനായി വന്ന മാതാപിതാക്കളുടെ ആഗ്രഹം സാധിക്കാതെ അവർക്കു മടങ്ങേണ്ടിവന്നു. കാരണം താൻ മശിഹായ്ക്കുവേണ്ടി സമർപ്പിക്കപ്പെട്ടവനായിതിനാൽ മാതാപിതാക്കൾക്കു തന്നിൽ ഓഹരി ഇല്ല എന്ന് അദ്ദേഹം അവരെ അറിയിച്ചു. ആയതിനാൽ താൻ ഭവനതതിലേക്കു പോയില്ല. പിന്നീടു താൻ കർത്തൃശുശ്രൂഷയിൽ കാലം കഴിച്ചു. കുറെ വർഷങ്ങൾ കഴിഞ്ഞപ്പോൾ സുകൃതിനിയായ മാതാവും ഉത്തമനായ പിതാവും നിര്യാതരായി. തുടർന്ന് പാരമ്പര്യമനുസരിച്ച് തനിക്കവകാശപ്പെട്ട സ്വത്തുമുഴുവൻ പാവങ്ങൾക്കായി അദ്ദേഹം വീതിച്ചു കൊടുത്തു. തന്റെ പിതൃ ഭവനത്തിലുണ്ടായിരുന്ന രണ്ടടിമകളെ സ്വതന്ത്രരാക്കുകയും ചെയ്ത. കട്ടിയുള്ള ഒരേ വസ്ത്രം മാത്രം ധരിക്കുകയും അതു കൂട്ടിപ്പിടിച്ചു കുതിരയുടെ ജീനി പോലെ ആയിത്തീരുകയും ചെയ്തു. തന്മൂലം അദ്ദേഹം ബുർദ് ഓനോ (കുതിരയുടെ ജീനി) എന്നു വിളിക്കപ്പെട്ടു. വൈദിക പദവിയിലേക്കു ഉയർത്തപ്പെട്ട അദ്ദേഹത്തിന്റെ ജീവിത വിശുദ്ധിയും അർപ്പണബോധവും കാരണം ദയറാധിപനായി തീരുന്നതിനിടയായി. കൽക്കദൂന്യ പീഡയുടെ കാലഘട്ടമായിരുന്നതിനാൽ സത്യ വിശ്വാസത്തെ സ്ഥിരപ്പെടുത്തി ഉറപ്പിക്കേണ്ട ചുമതലയും ഇദ്ദേഹത്തിനുണ്ടായി. ചുറ്റുപാടുകളുള്ള ഇടവകൾ സന്ദർശിക്കുകയും ആളുകളെ വിശ്വാസ സ്ഥിരതയുള്ളവരാക്കി നിലനിർത്തുകയും ചെയ്തു.

ഏ. ഡി. 543-ൽ മോർ യാക്കൂബ് കുസ്തന്തീനോപോലീസ് സന്ദർശിച്ചു. വിശ്വാസികളും ഭക്തയായ തേവോദോറാ രാജ്ഞിയും അദ്ദേഹത്തെ സന്തോഷത്തോടെ അവിടെ സ്വീകരിച്ചു. വിശ്വാസ സംരക്ഷകനായ യാക്കൂബിന്റെ സന്ദർശനം ജനങ്ങളിൽ വലിയ ഉത്സാഹം ഉണ്ടാക്കി. സിറിയായിലെ ഭരണത്തിനായി രണ്ട് എപ്പിസ്കോപ്പന്മാരെ വാഴിക്കണമെന്ന് അവർ രാജ്ഞിയോടപേക്ഷിച്ചു. ഉറഹായ്ക്കും ഏഷ്യാമൈനറിനുമായി യാക്കൂബും, അറേബ്യക്കായി തീയദോറും തിരഞ്ഞെടുക്കപ്പെട്ടു. അലക്സാന്ത്ര്യൻ പാത്രിയർക്കീസിനാൽ ഇവർ മെത്രാപ്പോലീത്തന്മാരായി വാഴിക്കപ്പെട്ടു.

മെത്രാപ്പോലീത്താ ആയ ശേഷം ഇടയന്മാരില്ലാതെ കിടന്നിരുന്ന ഇടവകകൾ സന്ദർശിക്കുകയും ജനങ്ങളുടെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് എല്ലാ പ്രദേശങ്ങളെയും സന്ദർശിക്കുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സഹായികളായി മോർ ഗ്രീഗോറിയോസിനേയും, ഗീവറുഗീസിനേയും എപ്പിസ്കോപ്പന്മാരായി വാഴിച്ചു. മൂന്നുപേരുംകൂടി പാത്രിയർക്കീസിന്റെ അനുവാദത്തോടെ 27 എപ്പിസ്കോപ്പന്മാരെ വാഴിക്കയും അനേകായിരം പുരോഹിതന്മാർക്കു പട്ടം കൊടുക്കുകയും ചെയ്തു. യാക്കൂബ് ബുർദ്ദാനയുടെ ശ്രമഫലമായി സഭ വളർന്നുകൊണ്ടേയിരുന്നു.

കൽക്കദൂന്യ വിശ്വാസികൾ ഇതു കണ്ട് ഭയവിഹ്വലരാവുകയും അവർ ചക്രവർത്തിയെ സ്വാധീനിച്ച് സത്യവിശ്വാസിയായ യാക്കൂബിനെ തടവിലാക്കുവാൻ അധികാര കൽപ്പന പുറപ്പെടുവിപ്പിക്കുകയും ചെയ്തു. പക്ഷേ ദൈവകൃപയാൽ നിറയപ്പെട്ട മോർ യാക്കൂബ് കലമാന്റെ വേഗതയിൽ സഞ്ചരിക്കുകയും തന്റെ വിശ്വാസപ്രചരണം തുടരുകയും ചെയ്തു. ഈ ക്ലേശങ്ങൾക്കിടയിലും പ്രാർത്ഥന ഉപവാസം ഇവ നിഷ്ഠയോടു നടത്തിയിരുന്നു.

സഭയിൽ സമാധാനം ഉണ്ടാക്കുന്നതിനുവേണ്ടി മോർ യാക്കൂബ് വളരെയേറെ അദ്ധ്വാനിച്ചു. എന്നാൽ എതിരാളികളുടെ നിർബന്ധം മൂലം ഇതു സാധിച്ചില്ല. അവസാനം മോർ യാക്കൂബ് ബുർദ്ദാന തലസ്ഥാന നഗരിയിൽ എത്തുവാൻ രാജാവാജ്ഞാപിച്ചു. ഇതിൽ എന്തെങ്കിലും വഞ്ചന കാണുമെന്നു ശങ്കിച്ച വിശ്വാസികൾ യാക്കൂബിനെ രാജാവിന്റെ ക്ഷണം സ്വീകരിക്കുവാൻ അനുവദിച്ചില്ല. യാക്കൂബ് ബുർദ്ദാന ചെല്ലാതിരുന്നതിനാൽ കുസ്തന്തീനോ പോലീസിലെ കൽക്കദൂന്യ പാത്രിയർക്കീസു യാക്കൂബിനെ രാജസമക്ഷത്തിൽ കുറ്റക്കാരനാക്കി തീർത്തു. ബലപ്രയോഗത്തിലൂടെ 4-ാമത്തെ കൽക്കദൂന്യ സുന്നഹദോസ് തീരുമാനം എല്ലാവരേയും കൊണ്ട് അംഗീകരിപ്പാനായി രാജകൽപ്പന പുറപ്പെടുവിച്ചു. ഇങ്ങനെ ചെയ്തില്ലെങ്കിൽ രാജ്യത്തു വലിയ കലാപം ഉണ്ടാവുമെന്ന രാജാവിനെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. രാജപ്രീതിക്കായി തങ്ങളെ മല്കോയേ (രാജപക്ഷക്കാർ) എന്ന് സ്വയം വിളിക്കുകയും ചെയ്തു. ഈ കാരണങ്ങളാൽ രാജാവിനു ബുർദ്ദാനയോടും വിശ്വാസികളോടും കോപം ജനിക്കുകയും ഭയങ്കരമായി പീഡിപ്പിക്കുകയും ചെയ്തു.

ബുർദ്ദാന ഇതൊന്നും വകവെയ്ക്കാതെ സത്യവിശ്വാസത്തിനു വേണ്ടി പ്രയത്നിക്കുകയും പ്രവർത്തിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. സത്യവിശ്വാസിയായ ആസിയായിലെ മോർ യൂഹാനോൻ വി. ആഹൂദേ (ഈ വിശുദ്ധൻ 575-ൽ വധിക്കപ്പെട്ടു). മോർ യൂല്യാൻ മുതലായ അനേകർ ഇദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്നു.

ഏ. ഡി. 550-ൽ സെല്യൂക്യയിലെ എപ്പിസ്കോപ്പയായ ഔഗേന്റെ സഹായത്തോടെ മോർ യാക്കൂബ് മെസ്രേമ്യനായ പൗലൂസിനെ അന്ത്യോഖ്യാ പാത്രിയർക്കീസായി വാഴിച്ചു. എന്നാൽ സമാധാനമുണ്ടാകുമെന്ന പ്രതീക്ഷയിൽ അദ്ദേഹം മൽക്കാരുടെ പക്ഷം ചേർന്നു പ്രവർത്തിച്ചു. താൻ പ്രതീക്ഷിച്ച പോലെ സഭയിൽ സമാധാനം ഉണ്ടാകാഞ്ഞതിനാൽ ഇവരോടു ചേർന്നതിൽ പശ്ചാത്തപിക്കുകയും സിറിയായിലേക്കോടിപോവുകയും അവിടെ സത്യവിശ്വാസികളായ പിതാക്കന്മാരുടെ മുമ്പാകെ കുറ്റം ഏറ്റുപറയുകയും അനുതപിക്കുകയും ചെയ്തു. പ്രായശ്ചിത്തമായി പിതാക്കന്മാരുടെ തീരുമാനപ്രകാരം എല്ലാം കാര്യങ്ങളിൽനിന്നും ഒഴിഞ്ഞു മൂന്നു വർഷം ദയറായിൽ താമസിച്ചു. ഈ മൂന്നു വർഷം കഴിഞ്ഞപ്പോൾ വി. യാക്കൂബും മറ്റു പിതാക്കന്മാരും പൗലോസിനെ സ്വീകരിച്ചു. ഈ വാർത്ത അലകസാന്ത്രിയായിൽ അറിഞ്ഞപ്പോൾ വിശ്വാസ വിപരീതിയെ സ്വീകരിച്ചതിൽ പ്രതിഷേധിക്കുകയും അതിൽ ശക്തമായ എതിർപ്പു പ്രകടിപ്പിക്കുകയും ചെയ്തു. അവർക്കു ഹാർദ്ദവമായ മറുപടി അയക്കുകയും അവരെ സന്ദർശിക്കുകയും ചെയ്തു. അവിടെ ചെന്നപ്പോൾ പൗലോസിനെ സ്ഥാനത്തുനിന്നു നീക്കണം മുടക്കേണ്ട എന്ന തീരുമാനമാണവർ എടുത്തത്. ഈ തീരുമാനത്തിന്റെ വെളിച്ചത്തിൽ യാക്കൂബ് സിറിയായിൽ തിരിച്ചെത്തുകയും പുതിയ പാത്രിയർക്കീസിനെ തിരഞ്ഞെടുക്കുവാനായി ദയറാധിപന്മാരും എപ്പിസ്കോപ്പന്മാരുമായി ആലോചിച്ചു. അവർ ഈ തീരുമാനത്തെ അനുകൂലിക്കാത്തതിനാൽ സഭയിൽ ഭിന്നിപ്പൊഴിവാക്കാൻ ഏതാനും എപ്പിസ്കോപ്പന്മാരോടൊപ്പം അലക്സാന്ത്രിയായിലേക്കു യാത്രയായി. യാത്ര മദ്ധ്യേ മോർ ദുമാനോസിന്റെ ദയറായിൽ എത്തിയപ്പോൾ അദ്ദേഹം ക്ഷീണിതനാവുകയും തന്റെ ഈ ലോകത്തിലെ അവസാന ദിവസങ്ങളിലേക്കാനയിക്കപ്പെടുകയും എ. ഡി. 578 ജൂലായ് 30-ാം തീയതി ദൈവസന്നിധിയിലേക്കു വാങ്ങിപ്പോവുകയും ചെയ്തു. ഈ വാർത്ത അറിഞ്ഞ അലക്സാന്ത്രിയൻ പാത്രിയർക്കീസ് തന്റെ എപ്പിസ്കോപ്പന്മാരോടൊപ്പം വന്നു ശവസംസ്കാര ശുശ്രൂഷ നടത്തി വലിയ ബഹുമാനത്തോടുകൂടി ദയറായിലെ ദേവാലയത്തിൽ സംസ്കരിച്ചു. നിര്യാണ വാർത്ത അറിയിച്ചുകൊണ്ടു സഭയിലെ എല്ലാ പ്രദേശങ്ങളിലേക്കും കൽപ്പനയും പാത്രിയർക്കീസയക്കുകയുണ്ടായി. 621 ഈ വിശുദ്ധന്റെ ദയറായിലേക്കു മോർ സക്കായിയുടെ നേതൃത്വത്തിൽ തിരുശേഷിപ്പുകൾക്കൊണ്ടുവന്നു സംസ്കരിച്ചു.

## തീരത്തിന് പുതിയ പാർപ്പിട സമുച്ചയം



*തീരം ചാരിറ്റബിൾ ട്രസ്റ്റിന് പുതിയ പാർപ്പിട സമുച്ചയം തൃക്കോതമംഗലത്ത് ഉയരുന്നു. ഇവിടെ ബുദ്ധിമാന്ദ്യമുള്ള കുട്ടികളെ താമസിച്ച് പഠിപ്പിക്കുന്നതിന് അവസരം ലഭിക്കുന്നു. പുതിയ സമുച്ചയ ശിലാസ്ഥാപനം പ്രതിപക്ഷ നേതാവ് ഉമ്മൻ ചാണ്ടിയും, എബി മാത്യു പള്ളിയമ്പിലും ചേർന്ന് നിർവ്വഹിക്കുന്നു. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷനായിരുന്നു. തീരം ഡയറക്ടർ മൂലയിൽ കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ പ്രസംഗിച്ചു.*

## പുതുവത്സര ശുശ്രൂഷ

മണർകാട് വി. മർത്തമറിയം യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന പുതുവത്സര ശുശ്രൂഷയ്ക്ക് കണ്ടനാട് ഭദ്രാസനാധിപനും യൂത്ത് അസോസിയേഷൻ മുൻ പ്രസിഡന്റുമായ അഭി. മാത്യൂസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് മുഖ്യ കാർമ്മികത്വം വഹിക്കുന്നതാണ്.

# പ. ചാത്തുരുത്തിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് തിരുമേനി...

(പേജ് 2-ൽ നിന്നും തുടർച്ച)

വീശോമിശിഹായുടെ സത്യത്തിന്റെ വീട്ടധികാരിയുമായി മൂന്നാമത്തെ പത്രോസ് എന്ന് പൊങ്ങപ്പെട്ട മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെയും അന്ത്യോഖ്യായുടെ പിൻവാഴ്ചക്കാരായി വരുന്ന സകല മേൽപ്പട്ടക്കാരുടെ വായിൽനിന്നും ശപിക്കപ്പെട്ടവനും, പ്രാകപ്പെട്ടവനും ഞാൻ ആയിത്തീരുന്നതിനും പുറമെ ദൈവത്തിന്റെ വിശുദ്ധസഭയിൽനിന്ന് വേർതിരിയപ്പെട്ടവനും, വിശദ്ധരഹസ്യങ്ങളുടെ സംബന്ധത്തിൽനിന്നും ഞാൻ കൈക്കൊണ്ടിട്ടുള്ള നൽവരത്തിൽനിന്നും സ്ഥാനങ്ങളിൽനിന്നും തള്ളപ്പെട്ടവനും അകലപ്പെട്ടവനും ഉന്നതപ്പെട്ടിരിക്കുന്ന മേൽപ്പട്ടത്തിന്റെ വെള്ളനിലയങ്കിയിൽനിന്നും ഉരിയപ്പെട്ടവനും ഞാൻ ആയിത്തീർന്നു കർത്താവിന്റെ കോപവും എന്റെ മേൽ ആവസിക്കുമാറാകട്ടെ.

9. പിന്നെയും റൂഹായ്ക്കടുത്ത ചൊവ്വുള്ള വിധിയാൽ വിധിപ്പാനായിട്ടു ഭൂമിയിൽ നിങ്ങൾ കെട്ടുന്ന സകലവും, ആകാശത്തിലും കെട്ടപ്പെട്ടതായിരിക്കുമെന്നു ഏവൻഗേലിയോനിൽ കൽപ്പിക്കപ്പെട്ടിരിക്കുന്ന പ്രകാരം, ദൈവത്തിൽനിന്ന് തിരുമനസ്സിലേയ്ക്ക് നൽകപ്പെട്ടിരിക്കുന്ന അധികാരപ്രകാരം, തിരുമുമ്പാകെനിന്നും എന്നെ വിധിച്ചു സ്ഥാനഭ്രഷ്ടനാക്കി ശപിക്കുന്നതിന് ഞാൻ അയോഗ്യനായിത്തീരുന്നതുകൂടാതെ, നിർബന്ധമില്ലാതെ എന്റെ സ്വന്തമനസ്സാലെ ഞാൻ തന്നെ എഴുതിയിട്ടുള്ള ഈ പത്രത്തിലുള്ള എന്റെ മേൽപ്പറഞ്ഞ വാഗ്ദത്തങ്ങളിൽ യാതൊന്നിനെയെങ്കിലും ഭേദപ്പെടുത്തുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുകകൊണ്ട് സകല പള്ളികളിൽനിന്നും എന്നെ തള്ളിക്കളയാനും ഒരുത്തനും എന്റെ വചനം വിശ്വസിക്കാതിരിപ്പാനും തക്കവണ്ണം ഞാൻ വ്യാജക്കാരനെന്ന് എന്നെക്കുറിച്ച് പ്രസിദ്ധം ചെയ്യുവാൻ തിരുമനസ്സിലേക്ക് ന്യായമുള്ളതുമാകുന്നു. ഇപ്രകാരം തിരുമനസ്സുകൊണ്ടോ, ആ സ്ഥാനത്ത് ഇനി വരുന്ന ബാവാന്മാരോ ചെല്ലുമ്പോൾ തിരുമനസ്സിലേയ്ക്കോ, ആ സ്ഥാനത്തു വരുന്നവർക്കോ 2850 ബ്രിട്ടീഷ് ഉറുപ്പിക തന്ന് ഈ പത്രം മടക്കി വാങ്ങിക്കൊള്ളുകയും ചെയ്യാം.

10. ഇപ്പോൾ ഞാൻ വാഗ്ദത്തം ചെയ്തിരിക്കുന്നതുപോലെ നേരായിട്ടു ഈ വാഗ്ദത്തെ നിവൃത്തിപ്പാൻ തന്റെ കൃപയാൽ സഹായിച്ച് ബലപ്പെടുത്തുവാനും ജീവനുള്ളവരെയും മരിച്ചവരെയും വിധിപ്പാനായിട്ട് താൻ എഴുന്നള്ളി അവനവന്റെ പ്രവൃത്തികൾ പോലെ നന്മയെങ്കിലും തിന്മയെങ്കിലും എല്ലാവനും പ്രത്യുപകാരം ചെയ്യുമ്പോൾതന്നെ മുഖപ്രസാദത്താൽ എതിരേൽപ്പാൻ എനിക്കു കൃപ ചെയ്യാനായിട്ടും ദൈവത്തിന്റെയും നമ്മുടെ കർത്താവേശുമിശിഹായുടെയും അനുഗ്രഹങ്ങളിൽനിന്ന് ഞാൻ അപേക്ഷിക്കുന്നു. വ്യാജക്കാരോടുകൂടെ അല്ലാതെ ചൊവ്വുള്ളവരോടുകൂടെ എന്നെക്കൂട്ടുവാൻ സംഗതി വരുത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു.

11. എന്റെ വാഗ്ദത്തിന് ശുദ്ധമുള്ള മാലാഖമാരും ജീവനുള്ള സ്ലീബായും വന്ദിക്കപ്പെട്ട ഏവൻഗേലിയോനും പട്ടത്വത്തിനടുത്ത ഈ കൂട്ടവും ബഹുമാനപ്പെട്ട ജനവും സാക്ഷിയായിരിക്കുന്നുവെന്ന് ദൈവത്തിന്റെ മുമ്പാകെയും ശുദ്ധമുള്ള തന്റെ ബലിപീഠത്തിന്റെ മുമ്പാകെയും ഞാൻ ഏറ്റുപറയുന്നു.

ആമ്മീൻ, ബാറെക്മോർ അൽശുബ്ക്കോനൊ കൂസ്താബദം 1876 വൃശ്ചികം 27-ാം തീയതിക്കു കൊല്ലം 1052-മാണ്ട് വൃശ്ചികം 26-ന് ഇതിനു സാക്ഷി വടക്കേക്കര മാച്ചാത്തുരുത്തി മുറിയിൽ എടപ്പള്ളി കുളങ്ങരനിന്നും പറവൂർ കിഴക്കേപ്പള്ളിയിൽ പാർക്കുന്ന വറിയത് ഗീവർഗീസ് കത്തനാർ (ഒപ്പ്). ടി. അങ്ങാടി മുട്ടതോട്ടിൽ കുമരി പൗലോവറിയത് ഒപ്പ്, അറികെ എഴുതി കൊടുത്ത ഗീവർഗീസ് ദയറോയോ (ഒപ്പ്).

# മെത്രാന്മാരെ വാഴിക്കാൻ യാക്കോബായ സഭാ ശുപാർശ

കൊച്ചി: ഡൽഹി, മുംബൈ, ചെന്നൈ, മലബാർ ഭദ്രാസനങ്ങൾക്കു പുതിയ മെത്രാപ്പോലീത്തന്മാരെ വാഴിക്കാൻ പുത്തൻകുരിശ് പാത്രിയർക്കാ സെന്ററിൽ ചേർന്ന യാക്കോബായ സുറിയാനി സഭ മാനേജിംഗ് കമ്മറ്റിയോഗം ശുപാർശ ചെയ്തു. കുടുംബ യൂണിറ്റുകൾ, ദയാറാ പ്രസ്ഥാനങ്ങൾ, ധ്യാനകേന്ദ്രങ്ങൾ തുടങ്ങിയവയ്ക്ക് പൂർണ്ണ ചുമതലയുള്ള മെത്രാപ്പോലീത്തന്മാരെ വാഴിക്കാനും യോഗം ശുപാർശ ചെയ്തു.

ആലുവ തൃക്കുന്നത്തു സെമിനാരിയിൽ അനധികൃതമായി താമസിക്കുന്നവരെ പുറത്താക്കണമെന്നു യോഗം സർക്കാരിനോട് ആവശ്യപ്പെട്ടു. കുര്യാക്കോസ് മൂലയിൽ കോറെപ്പിസ്കോപ്പ വിവർത്തനം ചെയ്ത, പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പാത്രിയർക്കീസ് ബാവ എഴുതിയ ചിതറിയ മുത്തുകൾ എന്ന പുസ്തകം ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവാ പ്രകാശനം ചെയ്തു.

# മദ്യം ആരെയും വലയ്ക്കും ലഹരി...

(പേജ് 2-ൽ നിന്നും തുടർച്ച)

സമൂഹത്തിനും ഗവൺമെന്റിനും കടമയുണ്ട്.

ലഹരിയിൽ നിന്ന് അകന്ന് വി. കുർബാനയിലും പ. സഭയുടെ കൂദാശകളിലും മാത്രമേ നഷ്ടപ്പെട്ടുപോയ വെളിച്ചം നമുക്ക് സ്വന്തമാക്കാൻ സാധിക്കൂ. അങ്ങനെ സഭയിലും സമൂഹത്തിലും അഭിമാനമായി നമുക്ക് മാറാൻ സാധിക്കും. ദൈവകൃപയിൽ ജീവിതം നയിക്കുവാൻ അങ്ങനെ യുവതലമുറയ്ക്ക് ഒരു മാതൃകയായി ക്രിസ്തുവിന്റെ നാമം വിളിക്കപ്പെട്ടവരായ നാം സകല മനുഷ്യർക്കും വെളിച്ചത്തെ പ്രദാനം ചെയ്ത് നമ്മൾ ജീവിക്കണം. അത് ഓരോ ക്രിസ്ത്യാനിയുടെ ധർമ്മമാണ്.

# സൗജന്യ ക്യാമ്പ്

മണർകാട്: സെന്റ് മേരീസ് ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ ശ്വാസകോശ സംബന്ധമായ രോഗ നിർണ്ണയത്തിന് പൾമനറി ഫങ്ങ്ഷൻ ടെസ്റ്റ് (പി.എഫ്.റ്റി) സൗജന്യ നിരക്കിൽ (150 രൂപ) എല്ലാ മാസവും 16-ാം തീയതി 30 പേർക്ക് ആശുപത്രിയിൽവെച്ച് നടത്തുന്നു. താല്പര്യമുള്ളവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

# കോട്ടയം ഭദ്രാസന യുവജനവാരം

കോട്ടയം: ആധുനിക കാലഘട്ടത്തിന്റെ വെല്ലുവിളികൾ നേരിടാൻ യുവസമൂഹം പുതിയ പെരുമാറ്റ ശൈലി രൂപപ്പെടുത്തണമെന്ന് കോട്ടയം ഭദ്രാസനാധിപൻ ഡോ. തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത അഭിപ്രായപ്പെട്ടു യുവജനവാരം ഭദ്രാസനതല ഉദ്ഘാടനം വടവാതൂർ മാർ അപ്രേം പള്ളിയിൽ നിർവ്വഹിക്കുകയായിരുന്നു മെത്രാപ്പോലീത്ത. വികാരി ഫാ. ജോസ് ചെന്നിക്കര അദ്ധ്യക്ഷത വഹിച്ചു.

# അങ്കമാലി വി. മർത്തമറിയം പള്ളിയെ കത്തീഡ്രൽ പദവിയിലേക്ക് ഉയർത്തി

പൗരാണികമായ അങ്കമാലി മർത്തമറിയം യാക്കോബായ സുറിയാനി പള്ളിക്കു കത്തീഡ്രൽ പദവി നൽകിക്കൊണ്ടുള്ള പരി. പാത്രിയർക്കീസ് ബാവായുടെ കൽപ്പന നവംബർ 15-ന് ആനീദ പെരുന്നാൾ കുർബ്ബാന മദ്ധ്യേ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവാ വിശ്വാസികളെ അറിയിച്ചു.

മലങ്കരസഭ ഭരിച്ചിരുന്ന പകലോമറ്റം അർക്കദിയാക്കോന്മാരുടെ (ആർച്ച് ഡീക്കൻ) ആസ്ഥാനമായിരുന്ന അങ്കമാലി പള്ളി എ. ഡി. 409-ലാണ് സ്ഥാപിച്ചത്. എ. ഡി. 345-ൽ ക്നായി തോമായുടെ നേതൃത്വത്തിൽ കൊടുങ്ങല്ലൂരിൽ കുടിയേറിയ 400 സിറിയൻ കുടുംബങ്ങളിൽ ഒരു വിഭാഗം അങ്കമാലിയിലെത്തി പള്ളി സ്ഥാപിച്ചെന്നാണു ചരിത്രം. നാട്ടുപ്രമാണിയായ മങ്ങാട്ടച്ചൻ കുടിയേറ്റക്കാർക്കു പള്ളിയും നഗരവും വാണിഭകേന്ദ്രവും പണിയാനുള്ള അനുവാദം നൽകി, 16, 17 നൂറ്റാണ്ടുകളിൽ രണ്ടുതവണ പള്ളി പുതുക്കി പണിതതായി രേഖയുണ്ട്.

ഒന്നാം മാർത്തോമ, പകലോമറ്റം, ഗീവർഗീസ് അർക്കദിയോൻ, അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അമ്പാട്ട് മോർ കൂറിലോസ് എന്നിവരെ കബറടക്കിയിരിക്കുന്നത് ഈ പള്ളിയിലാണ്. 1836-ലെ മാവേലിക്കര പടിയോലയിൽ മലങ്കരസഭയുടെ തലപ്പള്ളിയായി അങ്കമാലി പള്ളിയെ പരാമർശിച്ചിട്ടുണ്ട്.

വിശുദ്ധ ദൈവമാതാവിന്റെ തിരുവസ്ത്രത്തിന്റെ അംശം (സൂനോറോ) പള്ളിയിൽ സ്ഥാപിച്ചിട്ടുണ്ട്. 28 പള്ളികൾക്ക് തലപ്പള്ളിയാണ് അങ്കമാലി, പുരാതനമായ അകപ്പറമ്പ്, പൊയ്ക്കാട്ടുശ്ശേരി, പീച്ചാനിക്കാട് ഇടവകകൾ ഈ പള്ളിയിൽനിന്നും പിരിഞ്ഞുപോയവയാണ്

1789-ലെ ടിപ്പുസുൽത്താന്റെ ആക്രമണത്തിൽ പള്ളിക്ക് കാര്യമായ നാശനഷ്ടമുണ്ടായി. 1808ൽ വന്ന ആംഗ്ലിക്കൻ മിഷനറി ക്ലോഡിയസ് ബുക്കാനന് അങ്കമാലി പള്ളിയിൽ സൂക്ഷിച്ചിരുന്ന അമൂല്യമായ പൗരാണിക സുറിയാനി ബൈബിൾ (പ്ശീത്തോ) സമ്മാനിച്ചിരിക്കുന്നു. ഈ ബൈബിൾ ഇപ്പോൾ കേംബ്രിഡ്ജ് സർവകലാശാല ലൈബ്രറിയിലാണ്.

1876-ൽ പരിശുദ്ധ പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ വിളിച്ചുകൂട്ടിയ മുളന്തുരുത്തി സുന്നഹദോസ് തീരുമാനപ്രകാരം മലങ്കരസഭയെ ആറു ഭദ്രാസനങ്ങളായി വിഭജിച്ചതോടെയാണു അങ്കമാലി കേന്ദ്രീകരിച്ചുള്ള സഭാ ഭരണം അവസാനിച്ചത്.

# ബോധവൽരണ സെമിനാർ

സെന്റ് പോൾസ് മിഷൻ ഓഫ് ഇൻഡ്യാ മണർകാട് സെന്റ് മേരീസ് കത്തീഡ്രൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ കാരിത്താസ് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സെന്റ് മേരീസ് ഹോസ്പിറ്റലിന്റെയും സഹകരണത്തോടുകൂടി ക്യാൻസർ രോഗപരിശോധിനയും ബോധവത്കരണ സെമിനാറും നവംബർ 8-ാം തീയതി കത്തീഡ്രൽ പാരീഷ് ഹാളിൽ നടത്തപ്പെട്ടു. ക്യാൻസർ രോഗ ചികിത്സാരംഗത്തെ നൂതന സംവിധാനങ്ങളെക്കുറിച്ച് വിദഗ്ധ ഡോക്ടർമാർ ക്ലാസ്സുകൾ നയിച്ചു. റിട്ട. പ്രൊഫ. കെ. എം. വർഗീസ്, ഡോ. ജോസഫ് എഡിസൺ എന്നിവർ പ്രസംഗിച്ചു. റവ. ഫാ. മാത്യൂസ് മണവത്ത് സ്വാഗതവും, ബേബി സി. മാത്യു കിഴക്കേപ്പറമ്പിൽ നന്ദിയും പ്രകാശിപ്പിച്ചു.

# ഡോ. ഗീവർഗീസ് മോർ കൂറിലോസ് എസ് സി എം അദ്ധ്യക്ഷൻ



യാക്കോബായ സുറിയാനി സഭയുടെ നിരണം- യു. കെ. ഭദ്രാസനങ്ങളുടെ ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്തായെ സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇൻഡ്യയുടെ ചെയർപേഴ്സണായി തിരഞ്ഞെടുത്തു. സ്റ്റുഡൻസ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യ, വേൾഡ് സ്റ്റുഡൻസ് ക്രിസ്ത്യൻ ഫെഡറേഷനുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്നു. 1895-ൽ സ്വീഡനിലാണ് ലോകത്തിലെ ഏറ്റവും പുരാതനമായ വേൾഡ് സ്റ്റുഡൻസ് ക്രിസ്ത്യൻസ് ഫെഡറേഷൻ സ്ഥാപിതമായത്. 1912-ൽ കൽക്കട്ടയിലെ സെറാംപൂരാണ് സ്റ്റുഡന്റ്സ് ക്രിസ്ത്യൻ മൂവ്മെന്റ് ഓഫ് ഇന്ത്യ രൂപീകൃതമായത്. ഗോവയിൽ നടന്ന ജനറൽ കമ്മറ്റിയിൽ ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്താ മുഖ്യപ്രഭാഷണം നടത്തി.

# കട്ടച്ചിറപള്ളിയിൽ അത്യത്ഭുതം



*കായംകുളം: കട്ടച്ചിറ സെന്റ് മേരീസ് പള്ളിയിൽ വി. ദൈവമാതാവ് ഉണ്ണിയേശുവിനെ വഹിച്ചു കൊണ്ട് നിൽക്കുന്ന ഫോട്ടോയിൽ നിന്നും ജലം ഒഴുകുന്നു.*



*വി. ദൈവമാതാവിന്റെ ജലം പ്രവഹിക്കുന്ന ഛായാചിത്രം ശ്രേഷ്ഠ കാതോലിക്കാബാവായും ഡോ. ഗീവർഗീസ് മോർ കൂറിലോസും മെത്രാപ്പോലീത്തയും ചേർന്ന് പരിശോധിക്കുന്നു.*

കായംകുളം: സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളിയുടെ കീഴിലുള്ള സെന്റ്. മേരീസ് ചാപ്പലിൽ സ്ഥാപിച്ചിരിക്കുന്ന ഫ്ളക്സിൽ മുദ്രണം നിർവ്വഹിക്കപ്പെട്ടിരിക്കുന്ന വി. ദൈവമാതാവിന്റെ ചിത്രത്തിലെ കണ്ണുകളിൽനിന്ന് അത്ഭുതകരമായി ജലം പ്രവഹിച്ചു വരുന്നു. ഒക്ടോബർ 21-ാം തീയതി ചാപ്പലിൽ പ്രാർത്ഥനയ്ക്കെത്തിയ ഒരു വിശ്വാസിയാണ് ജലം പ്രവഹിക്കുന്നത് ആദ്യമായി കണ്ടത്. മഴ പെയ്തതുമൂലമുള്ള ഈർപ്പം നിലനിൽക്കുന്നതാണിതിന്റെ കാരണമെന്നു കരുതി അവർ ചിത്രം തുടച്ചുവെങ്കിലും ജലപ്രവാഹം നിന്നില്ല. തുടർന്ന് പള്ളി വികാരി ഫാ. റോയി കട്ടച്ചിറയെ വിവരം അറിയിക്കുകയും. ബഹു. അച്ചൻ ചിത്രം പരിശോധിച്ച് ജലപ്രവാഹം സംഭവിക്കുന്നു എന്ന് ഉറപ്പാക്കുകയും ചെയ്തു. സഭയിലെ മെത്രാപ്പോലീത്തമാരും ബഹു. വൈദീകരും ചാപ്പൽ സന്ദർശിച്ച് പ്രാർത്ഥനകൾ നടത്തി. കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മോർ തേവോദോസ്യോസ് മെത്രാപ്പോലീത്ത ചാപ്പലിൽ എത്തി വി. ദൈവമാതാവിന്റെ ചിത്രം പരിശോധിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ മെത്രാപ്പോലീത്തന്മാരായ ജോസഫ് മോർ ഗ്രീഗോറിയോസ്, ഗീവർഗീസ് മോർ ദീവന്നാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ്, കുറിയാക്കോസ് മോർ ഈവാനിയോസ്, ഡോ. ഗീവർഗീസ് മോർ കൂറിലോസ്, ഏലിയാസ് മോർ അത്താനാസിയോസ്, കുറിയാക്കോസ് മോർ ക്ലീമീസ് എന്നീ പിതാക്കന്മാർ പള്ളിയിലെത്തി പ്രാർത്ഥനകൾ നടത്തുകയും അത്ഭുത ജലപ്രവാഹം കാണുകയും ചെയ്തു. ഒക്ടോബർ 8-ാം തീയതി ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമനസ്സുകൊണ്ട് ദേവാലയം സന്ദർശിക്കുകയും പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും ചെയ്തു. ഫാ. റോയി കട്ടച്ചിറയുടെ നേതൃത്വത്തിൽ ഒക്ടോബർ 21 മുതൽ പള്ളിയിൽ അഖണ്ഡ പ്രാർത്ഥന നടന്നുവരുകയാണ്. ദിവസവും ജാതി മതഭേദമന്യേ ജനങ്ങൾ ചാപ്പലിൽ സന്ദർശനം നടത്തിവരുന്നു.




Published by St. Mary's Youth Association, Manarcad : For Private Circulation only. Printed at Revi Printers, Kottayam